**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5459** **15-03-2023 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചവറ ബസ് സ്റ്റാൻഡിൽ നിന്നും ആരംഭിക്കുന്ന ഒ.എൻ.വി. റോഡിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി മോട്ടോർ വാഹന വകുപ്പ് പോലീസുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ പ്രൈവറ്റ് ബസ് സ്റ്റാൻഡ് നിൽക്കുന്ന സ്ഥലം നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഹൈവേ അതോറിറ്റി ഏറ്റെടുത്തിരിക്കുകയാണ്. പ്രൈവറ്റ് സ്റ്റാൻഡ്, ഓട്ടോ സ്റ്റാൻഡ് എന്നിവ സ്ഥിതി ചെയ്യുന്ന ഈ സ്ഥലത്തു കൂടിയാണ് ഒ.എൻ.വി റോഡിലേക്കുള്ള വഴിയും. താലൂക്ക് വികസന സമിതിയുടെ തീരുമാനവും ബഹു. ചവറ എം.എൽ.എ യുടെ നിർദ്ദേശവും പ്രകാരം 01/03/2023 തീയതിയിൽ ചവറ പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, പോലീസ് എന്നിവരുമായി ചേർന്ന് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് പാർക്കിംഗ്, നോ പാർക്കിംഗ് ബസ് ബേയും മാർക്ക് ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ